"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ - ചൂരക്കാട്ടു പാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 546/2010 നമ്പർ കേസിന്മേലുള്ള ബാലൻസ് തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2452/2025/LSGD തീയതി, തിരുവനന്തപുരം, 08-10-2025**

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 546/2010 നമ്പർ കേസിന്മേലുള്ള 13/03/2014 തീയതിയിലെ വിധിന്യായം.
2. സ.ഉ.(പി)നം.32/2019/ധന, തീയതി, 18/03/2019.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 10/07/2025 തീയതിയിലെ DCTVM/269/2024-K9 നമ്പർ കത്ത്.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 26/07/2025 തീയതിയിലെ എ3/3113/2010/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ- ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ ശ്രീ. എസ്. രാമകൃഷ്ണൻ, ശ്രീമതി ആർ. ബാലമ്മാൾ എന്നിവരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന 0.19 ആർ വസ്തുവും ശ്രീ. സജീവ് എസ്-ന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന 0.26 ആർ വസ്തുവും ഉൾപ്പടെ ആകെ 0.45 ആർ വസ്തു ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു. തിരുവനന്തപുരം സബ് കോടതിയൽ ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 546/2010 നമ്പർ കേസിലെ ഒന്നും രണ്ടും കക്ഷികളായ ശ്രീ. എസ്. രാമകൃഷ്ണൻ, ശ്രീമതി ആർ. ബാലമ്മാൾ എന്നിവർക്ക് നൽകുവാനുള്ള ബാലൻസ് തുകയായ 53,01,998/- രൂപയും (അമ്പത്തിമൂന്ന് ലക്ഷത്തി ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) മൂന്നാം കക്ഷിയായ ശ്രീ. സജീവ് എസ്.-ന് നൽകുവാനുള്ള ബാലൻസ് തുകയായ 2,81,338/- രൂപയും (രണ്ട് ലക്ഷത്തി എൺപത്തിയൊന്നായിരത്തി മുന്നൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം) ചേർത്ത് ആകെ 55,83,336/- രൂപ (അമ്പത്തിയഞ്ച് ലക്ഷത്തി എൺപ്പത്തിമൂവായിരത്തി മുന്നൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (3), (4) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം ജില്ലാ കളക്ടറും, തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം

താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവ്വേ നം. 2353 (എൽ.എ.റീസർവ്വേ നം.2353/3)-ൽ ഉൾപ്പെട്ടതും ശ്രീ. എസ്. രാമകൃഷ്ണൻ, ശ്രീമതി ആർ. ബാലമ്മാൾ എന്നിവരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന 0.19 ആർ വസ്തുവും ശ്രീ. സജീവ് എസ്-ന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന 0.26 ആർ വസ്തുവും ഉൾപ്പടെ ആകെ 0.45 ആർ വസ്തു ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു. തിരുവനന്തപുരം സബ് കോടതിയൽ ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 546/2010 നമ്പർ കേസിലെ ഒന്നും രണ്ടും കക്ഷികളായ ശ്രീ. എസ്. രാമകൃഷ്ണൻ, ശ്രീമതി ആർ. ബാലമ്മാൾ എന്നിവർക്ക് നൽകുവാനുള്ള ബാലൻസ് തുകയായ 53,01,998/- രൂപയും (അമ്പത്തിമൂന്ന് ലക്ഷത്തി ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) മൂന്നാം കക്ഷിയായ ശ്രീ. സജീവ് എസ്.-ന് നൽകുവാനുള്ള ബാലൻസ് തുകയായ 2,81,338/- രൂപയും (രണ്ട് ലക്ഷത്തി എൺപത്തിയൊന്നായിരത്തി മുന്നൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം) ചേർത്ത് ആകെ 55,83,336/- രൂപ (അമ്പത്തിയഞ്ച് ലക്ഷത്തി എൺപ്പത്തിമൂവായിരത്തി മുന്നൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR Cases (Plan-Charged)' എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷികൾക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട കക്ഷികൾക്ക് (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/21/2025/ത.സ്വ.ഭ.വ.

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 08-10-2025 16:11:17

സെക്ഷൻ ഓഫീസർ